Draft #1 of File 169258/AD A5-1/2021/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 09-Dec-2021 03:52 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

സർവകലാശാല ലൈബ്രറിയിൽ വിരമിച്ച സർവകലാശാല അധ്യാപകർക്ക് ഇ-റിസോഴ്സുകളുടെ ആക്സസ് അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 6949/AD A 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.12.2021

---

*പരാമർശം:*-(1) സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ പ്രൊഫസ്സർ ഡോ. ഇന്ദുലേഖ കെ. സമർപ്പിച്ച അപേക്ഷ, തീയതി 16.11.2021.

(2) സർവകലാശാല ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജിന്റെ 652/ യൂണി.ലൈബ്രറി/ഭ.വി./ 2021, തീയതി 27.11.2021.

## ഉത്തരവ്

വിരമിച്ച സർവകലാശാലാ അധ്യാപകർ പെൻഷൻ പറ്റുന്ന എന്ന നിലയിൽ സർവകലാശാലയുടെ അധീനതയിലുള്ള വ്യക്തി ആയിരിക്കുമെന്നതിനാൽ സർവകലാശാലാ ഫാക്കൽറ്റി ആയിരിക്കവേ ലഭിക്കുന്ന ഇ-റിസോഴ്സ് ആക്സസ്, റിമോട്ട് ആക്സസ് എന്നീ സൗകര്യങ്ങൾ സർവകലാശാലയിൽ നിന്നും വിരമിച്ചതിനു ശേഷവും ഗ്രാജുവേറ്റ് മെമ്പർഷിപ്പിനൊപ്പം ലഭ്യമാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ പ്രൊഫസർ ഡോ. ഇന്ദുലേഖ കെ. പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

വിരമിക്കുന്നതിന് മുന്നോടിയായി ഡോ. ഇന്ദുലേഖ കെ., പ്രൊഫസർ എന്ന നിലവിലുള്ള അംഗത്വം റദ്ദാക്കി ഗ്രാജുവേറ്റ് അംഗത്വം എടുത്തിട്ടുള്ളതായും, ഗ്രാജുവേറ്റ് അംഗത്വം ഓരോ വർഷവും പുതുക്കേണ്ട രീതിയിലുള്ള അംഗത്വമായതിനാൽ അതേ രീതിയിൽ ഓരോ വർഷവും പുതുക്കി നൽകുക എന്ന വ്യവസ്ഥയോടെ സർവ്വകലാശാലാ പഠന വകുപ്പുകളിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപകർക്ക്, അവർ അവശ്യപ്പെടുന്ന പക്ഷം, ഇ-റിസോഴ്സസിന്റെ റിമോട്ട് ആക്സസ് അനുവദിക്കുന്നത് അഭികാമ്യമാണെന്നും സർവകലാശാല ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജ് പരാമർശം (2) കത്ത് പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

പ്രസ്തുത ശുപാർശ പരിഗണിച്ച്, സർവ്വകലാശാലാ ലൈബ്രറിയിലെ ഗ്രാജുവേറ്റ് അംഗത്വം ഓരോ വർഷവും പുതുക്കുന്നതിനൊപ്പം വാർഷികമായി പുതുക്കുക എന്ന വ്യവസ്ഥയിൽ ഇ-റിസോഴ്സസിന്റെ റിമോട്ട് ആക്സസ് കൂടി സർവ്വകലാശാലാ പഠന വകുപ്പുകളിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപകർക്ക് അപേക്ഷ പ്രകാരം അനുവദിക്കുന്നതിന് അനുമതി നൽകി രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ. ഇന്ദുലേഖ, പ്രൊഫസർ, സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ്
2. ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജ്, സർവ്വകലാശാലാ ലൈബ്രറി
3. വൈസ് ചാൻസലറുടെയും പ്രൊ വൈസ് ചാൻസലറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ

5. എ.ആർ. II (ഭ.വി.), ഡി.ആർ. II (ഭ.വി.), ജെ.ആർ. I (ഭ.വി.)
6. ഐ.ക്യൂ.എ.സി./ സിറ്റാഡ്/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. ഇന്റേർണൽ ഓഡിറ്റ് I/II, അക്കൗണ്ട് സ് III
8. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
9. റെക്കോർഡ്സ് സെക്ഷൻ/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 169258/AD A5-1/2021/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 09-Dec-2021 03:52 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം